ഹയർസെക്കന്ററി ഡയറക്ടറുടെ
കാര്യാലയം
ഹൗസിംഗ്ബോർഡ് ബിൽഡിംഗ്,
ശാന്തിനഗർ,
തിരുവനന്തപുരം.

നം.എഡി. ബി7/148317/എച്ച്. എസ്.ഇ/2019 തീയതി: 09/05/2019

## സർക്കുലർ

വിഷയം: ഹയർ സെക്കന്ററി വിദ്യാഭ്യാസ വകുപ്പ് - പ്രിൻസിപ്പൽ പ്രമോഷൻ 2019 കോൺഫിഡൻഷ്യൽ റിപ്പോർട്ട് സമർപ്പിക്കുന്നത് സംബന്ധിച്ച്.

സൂചന: 1. പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുള്ള 03/05/2019 - ലെ ഇതേ നമ്പർ കത്ത്.

സംസ്ഥാനത്തെ ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂളുകളിലെ പ്രിൻസിപ്പൽ നിയമനത്തിനായി സൂചന (1) പ്രകാരമുള്ള കത്തിൽ സൂചിപ്പിച്ചിട്ടുള്ള യോഗ്യരായ എച്ച്.എം/എ.ഇ.ഒ മാർക്ക് CR ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതിലേക്കായി ഡി.പി.ഐ ക്ക് നിർദ്ദേശം നൽകിയിരുന്നു. പ്രസ്തുത കത്തിൽ CR ലഭ്യമാക്കേണ്ട അവസാന തീയതി 10.05.2019 ന് 5 പി.എം ആണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. 10/05/2019 5 പി.എം ന് മുൻപ് സൂചനപ്രകാരമുള്ള കത്തിൽ പറഞ്ഞിട്ടുള്ള എച്ച്.എം/എ.ഇ.ഒ മാർ അടിയന്തിരമായി CR സമർപ്പിക്കേണ്ടതാണ്. CR സമർപ്പിക്കേണ്ട അവസാന തീയതി യാതൊരു കാരണവശാലും ദീർഘിപ്പിച്ച് നൽകുന്നതല്ല. നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ CR ഡയറക്ടറേറ്റിൽ സമർപ്പിക്കാത്തതുമൂലം പ്രിൻസിപ്പൽ നിയമനത്തിനുള്ള സെലക്റ്റ് ലിസ്റ്റിൽ ഉൾപ്പെടാതിരുന്നാൽ ബന്ധപ്പെട്ട എച്ച്.എം/എ.ഇ.ഒ മാർ മാത്രമായിരിക്കും ആയതിനു ഉത്തരവാദികൾ എന്ന വിവരവും അറിയിക്കുന്നു.

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
ഡയറക്ടർക്കുവേണ്ടി